**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 574** **05-10-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിയിലെ നാളികേര പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടിയിലെ വേളം ഗ്രാമപഞ്ചായത്തിലെ മണിമലയിലെ നാളികേര പാർക്ക് പ്രവർത്തനം ഏതു ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കാമോ; | (എ) | ബഹു. ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം കണക്കാക്കിയ നഷ്ടപരിഹാര തുക സ്പെഷ്യൽ തഹസിൽദാർ (LA) കൊയിലാണ്ടിക്ക് 02/08/2021ന കൈമാറിയിട്ടുണ്ട്. ഹൈക്കോടതി വിധിക്ക് അനുസൃതമായി കോഴിക്കോട് ജില്ലാഭരണകൂടവും കെ എസ് ഐ ഡി സിയും ഭൂവുടമകളുമായി നിലവിലുള്ള നഷ്ടപരിഹാര തുകയിന്മേലുള്ള തർക്കങ്ങൾ പരിഹരിച്ച എത്രയും വേഗം പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നാളികേര പാർക്കിലെ കാടുവെട്ടിത്തെളിച്ച് മതിൽ നിർമ്മിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഭൂവുടമകളുമായുള്ള LA നഷ്ടപരിഹാരത്തിന്റെ കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ, ഭൂമി ഏറ്റെടുത്തിട്ടുണ്ടെങ്കിലും നിയമപരമായ ഉടമസ്ഥാവകാശം ഇപ്പോഴും കെ.എസ് .ഐ.ഡി.സിയുടെ പക്കലില്ല. ആയതിനാൽ ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ ഏജൻസികളെ ഏൽപ്പിച്ചിട്ടില്ല. എന്നിരുന്നാലും പാർക്കിലേക്ക് സുഗമമായി പ്രവേശിക്കുന്നതിനായി ഏകദേശം 15 ഏക്കറിലുള്ള കാടു 2021 സെപ്റ്റംബർ മാസത്തിൽ വെട്ടിത്തെളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ